# നാലു സാക്ഷികൾ

കബീർ എം. പറളി

ചെയ്യുന്നത് കുറ്റമാണെന്നറിയാം. പിടിക്കപ്പെട്ടാൽ വിചാരണയും ശിക്ഷയുമുണ്ടെന്നും ബോധ്യമുണ്ട്. പക്ഷെ, തന്റെ ചെയ്തികൾ കാണാനും, പിടിക്കപ്പെട്ടാൽ സാക്ഷിപറയാനും ആരുമില്ലല്ലൊ. ഒരുവേള, സകല തൊണ്ടിസാധനങ്ങളും, സാഹചര്യത്തെളിവുകളുമായി നിയമത്തിന്റെ മുന്നിൽ കൊണ്ടുവരപ്പെട്ടാൽ പോലും, ഭയക്കേണ്ടതില്ല; രക്ഷപ്പെടാൻ എന്തെന്തു മാർഗങ്ങൾ! മോഷ്ടാവിന്റേയും കൊലയാളിയുടേയുമെന്നല്ല, വഞ്ചകന്റേയും ചതിയന്റേയും കൈക്കൂലിക്കാരന്റേയുമൊക്കെ മനോഗതമാണിത്. കള്ളുകുടിക്കുന്നവനും വ്യഭിചരിക്കുന്നവനും അശ്ലീലങ്ങൾ കാണുന്നവനും, ഒളിക്കാമറകൾ സ്ഥാപിക്കുന്നവനും മനസ്സാ സമാധാനിക്കുന്നത് 'തന്നെയാരും കാണുന്നില്ലല്ലൊ' എന്നാണ്.

തന്നെയാരും കാണുകയില്ലല്ലൊ, തന്റെ തെറ്റുകൾക്കൊരാളും സാക്ഷിയായില്ലല്ലൊ എന്ന അബദ്ധധാരണ ആർക്കുണ്ടായാലും ശരി, ഒരു മുഅ്മിനിന്ന് അതുണ്ടാകുകയില്ല. മനുഷ്യന്റെ പ്രവർത്തനങ്ങൾക്കു മുഴുവൻ സാക്ഷികളാകാൻ ചില സംവിധാനങ്ങൾ ഭൂമിയിൽ പ്രപഞ്ച സ്രഷ്ടാവ് ഏർപ്പെടുത്തിയിട്ടുണ്ടെന്ന കൃത്യമായ ബോധമുള്ളതുകൊണ്ടാണ് സത്യവിശ്വാസികളിൽ അത്തരം അബദ്ധധാരണയുണ്ടാകാത്തത്. കണിശമായ ലക്ഷ്യത്തോടെ സൃഷ്ടിക്കപ്പെട്ട മനുഷ്യന്റെ ജീവിതം മരണത്തോടെ അവസാനിക്കുന്നില്ലെന്നും, പരലോകത്ത് സ്വർഗനഇശങ്ങളിലെ ഏതെങ്കിലുമൊന്നിൽ ശാശ്വതമായി അവൻ ചെന്നുചേരുമെന്നും പഠിപ്പിക്കപ്പെട്ടവനാണ് മുഅ്മിൻ. ദൈവിക നിയമങ്ങളെ മുഴുവൻ കഴിയുന്നത്ര പാലിച്ച് ധർമ്മനിഷ്ഠയിലധിഷ്ഠിതമായ ജീവിതം കാഴ്ചവെച്ച വ്യക്തി, വിചാരണകൾക്കു ശേഷം സ്വർഗത്തിലായിരിക്കും. ഭൂമിയിലെ അലങ്കാരങ്ങളിൽ മുഴുകി ദൈവനിഷേധിയായി കഴിഞ്ഞവനാകട്ടെ നരകത്തിലും. രണ്ടു വിഭാഗവും, സാക്ഷികളെ മുന്നിൽ വെച്ചുകൊണ്ടുള്ള പടച്ചതമ്പുരാന്റെ നിശിതമായ വിചാരണയെ നേരിടേണ്ടിവരും എന്നതാണ് ഈ രംഗത്തെ സുപ്രധാനമായ വശം.

ആരാണ് നമുക്കെതിരെ അല്ലാഹുവിങ്കൽ മൊഴിപറയുന്ന സാക്ഷികൾ? കൂരാകൂരിട്ടിൽ ഒരാളുമറിയാതെ, ചെയ്തുകൂട്ടിയ ദുഷ്കർമ്മങ്ങൾക്ക് സാക്ഷിയൊ? ഉത്തരവാദിത്ത നിർവഹണത്തിനു പോലും അതീവ രഹസ്യമായി അന്യരിൽ നിന്ന് വാങ്ങിയ കൈക്കൂലിക്ക് സാക്ഷിയൊ? ആരുമാരുമറിയാത്തവിധം അയൽവാസിയുടെ അതിരുനീക്കിയതിനും സാക്ഷിയൊ? എത്ര പേരെ വഞ്ചിച്ചിരിക്കുന്നു! എത്രപേരെ അപഹസിച്ചിരിക്കുന്നു! എത്രയാളുകളുടെ ജീവനപഹരിച്ചിരിക്കുന്നു! എത്രയെത്ര മോഷണങ്ങൾ നടത്തിയിരിക്കുന്നു! എന്നിട്ടും ഒരാളാലും പിടിക്കപ്പെടാതെ, പിടിക്കപ്പെട്ടിട്ടും ശിക്ഷിക്കപ്പെടാതെ വിജയിയായി വിലസുന്നവരെ പരലോകത്ത് കുടുക്കുന്ന ആ സാക്ഷികൾ ആരെല്ലാമാണ്? ചിലസാക്ഷികളെ നമുക്ക് പരിചയപ്പെടാം; ദുനിയാവിലെ പ്രലോഭനങ്ങളിലും, ദേഹേച്ഛകളുടെ പ്രചോദനങ്ങളിലുമകപ്പെട്ട് അപകടങ്ങളിൽ വീണുപോകാതിരിക്കാൻ അത് ഉപകരിക്കുക തന്നെ ചെയ്യും.

**ഒന്ന്: നാം അധിവസിക്കുന്ന ഭൂമി**

നാം ജനിച്ചു വളർന്ന, നടക്കുകയും ഇരിക്കുകയും ഉണ്ണുകയും ഉറങ്ങുകയും ചെയ്യുന്ന ഈ ഭൂമി നാളെ നമുക്കെതിരിൽ മൊഴിപറയുന്ന സാക്ഷിയാണ്. ഭൂമിയുടെ നെഞ്ചിൽ ഒട്ടനവധി രഹസ്യങ്ങളുടെ കലവറകളുണ്ട്. ഇരുളുകളും പഴുതുകളും ഉപയോഗപ്പെടുത്തി മനുഷ്യൻ ചെയ്തുകൂട്ടുന്ന മുഴുവൻ രഹസ്യങ്ങളും ഒരുനാൾ അത് പുറത്തെടുക്കും. അല്ലാഹുവിന്റെ കോടതിയിൽ ഉപായങ്ങൾകൊണ്ട് രക്ഷപ്പെടാൻ കഴിയാത്തവിധം മനുഷ്യനന്ന് നിസ്സഹായനായി നിലകൊള്ളും. ലോകം വിറപ്പിച്ച പോക്കിരികളും, മനുഷ്യക്കബന്ധങ്ങൾക്കുമേൽ സിംഹാസനങ്ങളുയർത്തിയ രാജാക്കളും, ദൈവനിഷേധത്തിന്റെ നെറുകിലിരുന്ന് നെറികേടുകൾ ചെയ്തുകൂട്ടിയ അഹങ്കാരികളും എന്തുപറ്റയീ ഭൂമിക്ക് എന്ന് അത്ഭുതത്തോടെ പറഞ്ഞുപോകുന്ന ദിനമാണത്. അല്ലാഹു പറഞ്ഞു:

إذا زلزلت الأرض زلزالها * وأخرجت الأرض أثقالها * وقال الإنسان مالها * يومئذ تحدث أخبارها (الزلزلة:1-4)

‘‘ഭൂമി പ്രകമ്പനം കൊള്ളിക്കപ്പെട്ടാൽ - അതിന്റെ ഭയങ്കരമായ ആ പ്രകമ്പനം. ഭൂമി അതിന്റെ ഭാരങ്ങൾ പുറം തള്ളുകയും, അതിന് എന്തുപറ്റി എന്ന് മനുഷ്യൻ പറയുകയും ചെയ്താൽ. അന്നേ ദിവസം അത് (ഭൂമി) അതിന്റെ വർത്തമാനങ്ങൾ പറഞ്ഞറിയിക്കുന്നതാണ്.’’ (സൽസല: 1-4)

‘അന്നേ ദിവസം അത് (ഭൂമി) അതിന്റെ വർത്തമാനങ്ങൾ പറഞ്ഞറിയിക്കുന്നതാണ്’ എന്ന സൂക്തത്തെ നബി തിരുമേനി(സ്വ) വിശദീകരിച്ചു തന്നിട്ടുണ്ട്.

عن أبي هريرة -رضي الله عنه – قال : قرأ رسول الله - صلى الله عليه وسلم – هذه الآية : يومئذ تحدث أخبارها قال " أتدرون ما أخبارها " ؟ قالوا : الله ورسوله أعلم ، قال : فإن أخبارها أن تشهد على عبد وأمة بما عمل على ظهرها ، أن تقول : عمل علي كذا وكذا . " قال " : فهذه أخبارها . "رواه أحمد والترمذي

അബൂ ഹുറയ്റ(റ) നിവേദനം. يومئذ تحدث أخبارها എന്ന ആയത്തോതിക്കൊണ്ട് നബി(സ്വ) സ്വഹാബത്തിനോട് ചോദിച്ചു: ‘‘അതിന്റെ വർത്തമാനങ്ങൾ എന്നാൽ എന്താണെന്നറിയുമൊ നിങ്ങൾക്ക്?’’ അവർ പറഞ്ഞു: അല്ലാഹുവിനും അവന്റെ റസൂലിനുമറിയാം. നബി(സ്വ) പറഞ്ഞു: ‘‘ഭൂമിപ്പുറത്തു വെച്ച് ഓരോ ദാസനും ദാസിയും പ്രവർത്തിച്ച കർമ്മങ്ങളെക്കുറിച്ച്, ഇന്നിന്ന ദിവസങ്ങളിൽ നീ ഇന്നിന്നതൊക്കെ ചെയ്തിട്ടുണ്ട് എന്ന ഭൂമിയുടെ സാക്ഷി പറയലാണ് അത്.’’ (തിർമിദി)

**രണ്ട്: വിശുദ്ധരായ മലക്കുകൾ**

കൈവശമുള്ള ഇസ്‌ലാമിക നിയമങ്ങളെ പഠിച്ചും പാലിച്ചും ആര് ജീവിക്കുന്നു എന്ന് രേഖപ്പെടുത്താൻ അല്ലാഹു കണിശമായ മറ്റൊരു സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. മനുഷ്യരുടെ ചെറുതും വലുതുമായ കർമ്മങ്ങളെ രേഖപ്പെടുത്താൻ വിശുദ്ധരായ മലക്കുകളെ അവൻ ഏർപ്പാടാക്കി എന്നതാണത്. അവരാണ് നമ്മുടെ കർമ്മസാക്ഷികൾ. പരലോകവിചാരണയിൽ നീതിയുക്തമായ തീരുമാനത്തിനുവേണ്ടിയുള്ള സംവിധാനമത്രെ അത്. സ്വർഗവും സ്വർഗീയാനുഭൂതികളും ലഭിച്ചവന്ന്, ‘ഇനിയും എന്റെ കർമ്മങ്ങൾ ബാക്കിയുണ്ട്, ഇനിയും എനിക്ക് പ്രതിഫലം കിട്ടാനുണ്ട്’ എന്ന് ആവലാതി പറയാതിരിക്കാൻ. നരകത്തിലേക്ക് തള്ളപ്പെടുന്നവർക്ക് തങ്ങളുടെ മുഴുവൻ കർമ്മങ്ങളും നേരിൽ കണ്ട് നിജസ്ഥിതി ബോധ്യപ്പെടാൻ.

മലക്കുകൾ നമ്മുടെ കൂടെത്തന്നെയുണ്ട്. രാവും പകലും നമ്മെ നിരീക്ഷിച്ച് പ്രവർത്തനങ്ങൾ രേഖപ്പെടുത്തിക്കൊണ്ടിരിക്കുകയാണവർ. അല്ലാഹു പറയുന്നു:

وإن عليكم لحافظين * كراماً كاتبين * يعلمون ما تفعلون (الانفطار:10-12)

‘‘തീർച്ചയായും നിങ്ങളുടെ മേൽ ചില മേൽനോട്ടക്കാരുണ്ട്. രേഖപ്പെടുത്തിവെക്കുന്ന ചില മാന്യന്മാർ. നിങ്ങൾ പ്രവർത്തിക്കുന്നത് അവർ അറിയുന്നു.’’ (ഇൻഫിത്വാർ: 10-12)

أم يحسبون أنا لا نسمع سرهم ونجواهم بلى ورسلنا لديهم يكتبون (الزخرف:80 )

‘‘അതല്ല, അവരുടെ രഹസ്യവും ഗൂഢാലോചനയും നാം കേൾക്കുന്നില്ല എന്ന് അവർ വിചാരിക്കുന്നുണ്ടോ? അതെ, നമ്മുടെ ദൂതൻമാർ (മലക്കുകൾ) അവരുടെ അടുക്കൽ എഴുതിയെടുക്കുന്നുണ്ട്.’’ (സുഖ്റുഫ്: 80)

വിചാരണാ നാളിൽ ഒന്നുപോലും നിഷേധിക്കാൻ പഴുതില്ലാത്തവിധം സകലതും ഒപ്പിയെടുത്തെഴുതുകയാണ് മലക്കുകൾ. അല്ലാഹുവിന്റെ മുന്നിൽ ചോദ്യങ്ങൾക്കുത്തരം നൽകാൻ വെപ്രാളപ്പെട്ട് നിൽക്കുന്ന മനുഷ്യരുടെ കയ്യിൽ ജീവിത കാലത്തെ കർമ്മരേഖ നൽകപ്പെടുന്നതാണ്. പടച്ചതമ്പുരാന്റെ പ്രീതിയും സ്വർഗവും പ്രതീക്ഷിച്ച്കൊണ്ട് ചെയ്ത നന്നെച്ചെറിയ നന്മ പോലും ആ രേഖയിൽ കാണാനാകും. ആരും കാണുന്നില്ലെന്നും, അറിയുന്നില്ലെന്നും കരുതി ചെയ്തുതീർത്ത അണുസമാന തിന്മകളും അതിൽനിന്ന് വായിക്കാനാകും. അല്ലാഹു പറഞ്ഞു:

ونخرج له يوم القيمة كتاباً يلقاه منشوراً * اقرأ كتابك كفى بنفسك اليوم عليك حسيباً (الإسراء:13،14)

''ഉയിർത്തെഴുന്നേൽപിന്റെ നാളിൽ ഒരു ഗ്രന്ഥം നാമവന്ന് വേണ്ടി പുറത്തെടുക്കുന്നതാണ്. അത് നിവർത്തിവെക്കപ്പെട്ടതായി അവൻ കണ്ടെത്തും. നീ നിന്റെ ഗ്രന്ഥം വായിച്ചുനോക്കുക. നിന്നെസ്സംബന്ധിച്ചിടത്തോളം കണക്ക് നോക്കാൻ ഇന്ന് നീ തന്നെ മതി. (എന്ന് അവനോട് അന്ന് പറയപ്പെടും).'' (ഇസ്റാഅ്: 13-14)

**മൂന്ന്: നമ്മുടെ അവയവങ്ങൾ**

നാളെ പരലോകത്ത് നമ്മുടെ അവയവങ്ങളും നമുക്കെതിരെ സാക്ഷിപറയുമെന്ന് ഖുർആൻ വ്യക്തമാക്കുന്നുണ്ട്. നമ്മിൽനിന്ന് നമ്മുടെ അവയവങ്ങളെ മാറ്റിനിർത്തിക്കൊണ്ട് എന്ത് കർമ്മം ചെയ്യാനാണ് നമുക്ക് സാധിക്കുക?! അനുഗ്രഹങ്ങളായി അല്ലാഹു നൽകിയ കണ്ണും കാതും കൈകാലുകളുമൊക്കെ 'കണ്ണുതുറ'ന്നിരിക്കുകയാണ്. രഹസ്യപരസ്യങ്ങൾക്ക് സാക്ഷികളായി വിധിദിനത്തിൽ അവ അണിനിരക്കുമ്പോൾ തെമ്മാടികൾക്കും, നിഷേധികൾക്കും രക്ഷപ്പെടാൻ പഴുതുകളേതുമുണ്ടാകില്ല. അല്ലാഹു പറഞ്ഞു:

اليوم نختم على أفواههم وتكلمنا أيديهم وتشهد أرجلهم بما كانوا يكسبون (يس:65)

''അന്ന് നാം അവരുടെ വായകൾക്കു മുദ്രവെക്കുന്നതും, അവരുടെ കൈകൾ നമ്മോട് സംസാരിക്കുന്നതും, അവർ പ്രവർത്തിച്ചിരുന്നതിനെപ്പറ്റി അവരുടെ കാലുകൾ സാക്ഷ്യം വഹിക്കുന്നതുമാണ്.'' (യാസീൻ: 65)

حتى إذا ما جاءوها شهد عليهم سمعهم وأبصارهم وجلودهم بما كانوا يعملون (فصلت:20)

''അങ്ങനെ അവർ അവിടെ (നരകത്തിൽ) ചെന്നാൽ അവരുടെ കാതും അവരുടെ കണ്ണുകളും അവരുടെ തൊലികളും അവർക്ക് എതിരായി അവർ പ്രവർത്തിച്ചിരുന്നതിനെപ്പറ്റി സാക്ഷ്യം വഹിക്കുന്നതാണ്.'' (ഫുസ്സിലത്ത്: 20)

സത്യത്തിൽ, അവയവങ്ങളുടെ ഈ സാക്ഷ്യം പറയൽ അസംഭവ്യമായ ഒന്നല്ല. തങ്ങൾക്കെതിരിൽ മൊഴിപറയുന്ന സ്വന്തം ശരീരാവയവങ്ങളോട്, 'ഞങ്ങൾക്കെതിരിൽ നിങ്ങൾക്കെങ്ങിനെ സാക്ഷിപറയാൻ കഴിഞ്ഞു' എന്ന കുറ്റവാളികളുടെ ചോദ്യവും അന്ധാളിപ്പും ഖുർആൻ വ്യക്തമാക്കുന്നത് കാണുക:

وقالوا لجلودهم لم شهدتم علينا قالوا أنطقنا الله الذي أنطق كل شيء (فصلت:21)

''തങ്ങളുടെ തൊലികളോട് അവർ പറയും: നിങ്ങളെന്തിനാണ് ഞങ്ങൾക്കെതിരായി സാക്ഷ്യം വഹിച്ചത്? അവ (തൊലികൾ) പറയും: എല്ലാ വസ്തുക്കളെയും സംസാരിപ്പിച്ച അല്ലാഹു ഞങ്ങളെ സംസാരിപ്പിച്ചതാകുന്നു.'' (ഫുസ്സിലത്ത്: 21)

പരലോകത്ത്, നമുക്കനുകൂല സാക്ഷികളായി നമ്മുടെ അവയവങ്ങൾ നിലകൊള്ളണമെങ്കിൽ കഠിനമായ സൂക്ഷ്മത പാലിച്ചാലേ സാധ്യമാകൂ. പരമാവധി നന്മകൾ ചെയ്തും, വന്നുപെടുന്ന തിന്മകളിൽ പശ്ചാത്തപിച്ചും അല്ലാഹുവിനോടടുക്കുക എന്നതാണ് അതിന്നുള്ള വഴി.

**നാല്: ആരായിരിക്കുമത്?**

നമുക്കനുകൂലമായൊ പ്രതികൂലമായൊ മൊഴിപറയുന്ന സുപ്രധാനമായ മൂന്ന് സാക്ഷികളെ യാണ് നാം പരിചയപ്പെട്ടത്. ഇനി, നാലാമതൊരാൾകൂടിയുണ്ട്. ആരായിരിക്കുമത്? അത് മറ്റാരുമല്ല; നമ്മെ പടച്ചു പരിപാലിക്കുന്ന സർവ്വശക്തനായ റബ്ബ്. കണ്ണിന്റെ കട്ടുനോട്ടങ്ങളും ഹൃദയമന്ത്രങ്ങളും ഒന്നൊഴിയാതെ അറിഞ്ഞുകൊണ്ടിരിക്കുന്ന സാക്ഷാൽ സ്രഷ്ടാവ്. അവൻ നമ്മുടെ സാക്ഷിയാണ്. അവൻ തന്നെ നമ്മോടത് പറഞ്ഞിട്ടുണ്ട്:

أو لم يكف بربك أنه على كل شئ شهيد (فصلت:53)

''നിന്റെ രക്ഷിതാവ് ഏത് കാര്യത്തിനും സാക്ഷിയാണ് എന്നതു തന്നെ മതിയായതല്ലേ?'' (ഫുസ്സിലത്ത്: 53)

إن الله لا يخفى عليه شئ في الأرض ولا في السماء (آل عمران:5)

''ഭൂമിയിലോ ആകാശത്തോ ഉള്ള യാതൊരു കാര്യവും അല്ലാഹുവിന്ന് അവ്യക്തമായിപ്പോകുകയില്ല; തീർച്ച.'' (ആലു ഇംറാൻ: 5)

والله يعلم ما في قلوبكم (الأحزاب:51)

''നിങ്ങളുടെ ഹൃദയങ്ങളിലുള്ളത് അല്ലാഹു അറിയുന്നു.'' (അഹ്സാബ്: 51)

ألم يعلم بأن الله يرى (العلق:14)

''അവൻ മനസ്സിലാക്കിയിട്ടില്ലേ, അല്ലാഹു കാണുന്നുണ്ടെന്ന്?'' (അലഖ്: 14)

പടച്ചവന്റെ കണ്ണിൽ നിന്ന് മാറിയുള്ള ജീവിതം മനുഷ്യന്ന് സാധ്യമല്ലെന്ന് ബോധ്യപ്പെടുത്തുന്ന ആയത്തുകളാണ് മുകളിൽ നാം വായിച്ചത്. അല്ലാഹുവിന്റെ നിരീക്ഷണത്തെ ഭയക്കാനും പരലോക വിചാരണയെ ഓർക്കാനും നരകശിക്ഷയിൽ നിന്ന് വിടുതൽ നൽകുന്ന കർമ്മങ്ങളിലേർപ്പെടാനും സദാ പശ്ചാത്തപിച്ചു കൊണ്ട് നിലകൊള്ളാനും നമുക്കാകുമെങ്കിൽ, മുകളിൽ പറയപ്പെട്ട നാലു സാക്ഷികളും നമുക്കനുകൂലമായി വരും.